പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2920**

10.03.2017-ൽ മറുപടിക്ക്

## മങ്കട മണ്ഡലത്തിലെ രണ്ടു ബൈപ്പാസുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 27.09.2016 ലെ സ.ഉ.(സാധാ) നമ്പർ 1324/16/പൊ.മ.വ. പ്രകാരം, മങ്കട മണ്ഡലത്തിൽ അനുമതി നൽകിയ രണ്ട് ബൈപ്പാസുകളുടെ നിലവിലെ പുരോഗതി വിശദീകരിക്കാമോ; (ബി) ഇതിൽ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണത്തിന് 2016-2017-ൽ കിഫ്ബിയിൽ വകയിരുത്തിയ 10 കോടി രൂപ പിൻവലിക്കാനിടയാക്കിയ സാഹചര്യം വിശദീകരിക്കാമോ; | (എ) & (ബി) | മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണം 27.09.2016-ലെ ജി.ഒ (ആർ.റ്റി) നമ്പർ. 1324/2016/പി.ഡബ്ല്യൂ.ഡി പ്രകാരം ആർ.ബി.ഡി.സി.കെ-യെ ഏല്പിച്ചെങ്കിലും നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ടതായതിനാൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണത്തിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ച സാഹചര്യത്തിലാണ് ഈ പദ്ധതിയെ 28.11.2016-ലെ ജി.ഒ(ആർ.റ്റി)നമ്പർ. 1641/2016/പി.ഡബ്ല്യൂ.ഡി പ്രകാരം കിഫ്ബി-യിൽ നിന്നൊഴിവാക്കിയത്. |
| (സി) മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (സി) | 2015-16, 2016-17 വർഷങ്ങളിലെ കേന്ദ്ര വാർഷിക പദ്ധതിയിന്മേൽ ബൈപ്പാസിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള ദർഘാസ് നടപടികൾ മൂന്ന് പ്രാവശ്യം നടത്തിയെങ്കിലും ആരും തന്നെ പങ്കെടുക്കുകയുണ്ടായില്ല. റീടെണ്ടറിനുള്ള നടപടികൾ എടുത്തു വരുന്നു. ടെണ്ടർ സ്വീകരിക്കാൻ പൊതുജന സമ്മർദ്ദം ആവശ്യമാണെന്നു കാണുന്നു. |
| (ഡി) വൈലോങ്ങര ബൈപ്പാസ് നിർമ്മാണം ഏറ്റെടുത്ത ആർ.ബി.ഡി.സി.കെ. എന്ന ഏജൻസി നാളിതുവരെ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കാമോ? | (ഡി) | ആർ.ബി.ഡി.സി.കെ-യെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുവാൻ ഏല്പിച്ച വൈലോങ്ങര ബൈപ്പാസിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ഏജൻസിയെ തീരുമാനിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ